കളക്ടർമാരിൽ നിന്നും അനുമതി ലഭിക്കുന്നതനുസരിച്ചും ഫണ്ട് അനുവദിക്കുന്ന മുറയ്ക്കും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു. കൂടാതെ സുജൽധാരപദ്ധതി നടപ്പിലാക്കാൻ വേണ്ട ഗുണഭോക്താക്കളുടെ വിഹിതമായ 10% തുകയിൽ 5% കിഴിവ് പ്രസ്തുത പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുമ്പോൾ ലഭിക്കുന്നതാണ്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്കായി വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലയുടെ കീഴിൽ 122 പദ്ധതികളും മധ്യമേഖലയുടെ കീഴിൽ 136 പദ്ധതികളും ഉത്തരമേഖലയുടെ കീഴിൽ 212 പദ്ധതികളും നിലവിലുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി എ. ആർ.ഡബ്ല്യു.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ എല്ലാ പദ്ധതികളും കേരള ജല അതോറിറ്റി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

മുനിസിപ്പൽ /കോർപ്പറേഷൻ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം

148 (1710) ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട് ;

(ബി) മുനിസിപ്പൽ/കോർപ്പറേഷനുകളിൽ ഒരാൾക്ക് ശരാശരി എത്ര ലിറ്റർ കുടിവെള്ളം വീതം പ്രതിദിനം നൽകുന്നുണ്ട് ;

(സി) ഒരാളിന്റെ ആവശ്യത്തിന് ഒരു ദിവസം ശരാശരി എത്ര ലിറ്റർ വെള്ളമാണ് ആവശ്യമായി വരുന്നത് ;

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ കൂടുതൽ ജലവിതരണം നടത്തുന്നതിനായി ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ജീവിതരീതി, സാമ്പത്തിക സ്ഥിതി, വീടിന്റെ വലിപ്പം, അനുബന്ധ സംവിധാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് പ്രതിദിനം ശരാശരി വെള്ളത്തിന്റെ അളവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. ബി.പി.എച്ച്. ഈ.ഈ.ഒ. മാനുവൽ പ്രകാരം ചുവടെ ചേർക്കുന്ന രീതിയിലാണ് ഒരു ദിവസം എത്ര ലിറ്റർ വെള്ളം ഒരാൾക്ക് വേണമെന്ന് നിശ്ചയിക്കുന്നത്.

---

* - ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

20,000 വരെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ പൊതുടാപ്പുവഴി വീട്ടുകണക്ഷൻ ഇല്ലാതെ 40 എൽ. പി. സി. ഡി. യും വീട്ടു കണക്ഷൻ ചേർന്ന് 70 മുതൽ 100 എൽ.പി. സി. ഡി. യും ആണ് നൽകുന്നത്. 2000 മുതൽ 1 ലക്ഷം വരെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ 100 മുതൽ 150 വരെയും 1 ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ 150 മുതൽ 200 എൽ. പി. സി. ഡി. വരെയും വെള്ളമാണ് ആവശ്യമായി വരുന്നത്.

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ കൂടുതൽ ജലവിതരണം നടത്തുന്നതിനായി അനുബന്ധമായി പ്രതിപാദിക്കുന്ന പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

അത്തിക്കയം, സീതത്തോട് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികളുടെ പുരോഗതി

149 (1726) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്തിക്കയം, സീതത്തോട് പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) അത്തിക്കയം പദ്ധതിയുടെ ഡി. ഇ. ആർ. സമയബന്ധിതമായി പൂർത്തിയാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അത്തിക്കയം പദ്ധതിയുടെയും ചിറ്റാർ-സീതത്തോട് പദ്ധതിയുടേയും സർവ്വേ ജോലി പൂർത്തിയായി.

(ബി) ഇതിനായി ചങ്ങനാശ്ശേരി ഐ. പി. സി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ഡാമിലെ ചോർച്ച

150 (1727) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരപ്പുഴ ഡാമിൽ ചോർച്ചയുണ്ടെന്ന വിവിധ മാധ്യമങ്ങളിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡാമിന്റെ ഷട്ടറിനു താഴെയുള്ള വിള്ളൽ പരിഹരിക്കാൻ എന്തെങ്കിലും അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly